**കേരള കാർഷിക സർവ്വകലാശാല**

***ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രം, വെള്ളാനിക്കര***

**നം.എഫ്.സി.ആർ.എസ്/**12/2022-23 06/12/2023

<u>പുനർ ലേലം / ക്വട്ടേഷൻ നോട്ടീസ്</u>

**ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിലെ മുറിച്ചു മാറ്റിയ പാഴ് ശിഖരങ്ങൾ ഫാമിൽ നിന്ന് കൊണ്ടു പോകുന്നതിന്** താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

<u>നിബന്ധനകൾ :</u>

1. **12/12/2023** രാവിലെ **11.00** ന് ലേലം/ക്വട്ടേഷൻ നടപടികൾ ആരംഭിക്കുന്നതാണ്.

2. ക്വട്ടേഷൻ പ്രൊഫസർ & ഹെഡ്, ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതാണ്.

3. ക്വട്ടേഷൻ ലേലത്തചന്റ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടു വരേണ്ടതാണ്. കൊണ്ടു വരാത്ത പക്ഷം ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കില്ല.

4. ക്വോട്ടേഷനിൽ പങ്കെടുക്കുന്നതിന് ലേല ദിവസം 12/12/2023 നിരതദ്രവ്യം**1000/-** രൂപ മാത്രം പണമായി ഈ ഓഫീസിൽ രാവിലെ 10.30 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

5. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിനു മുമ്പായി ക്വട്ടേഷൻ ഓഫീസിൽ എത്തിക്കുകയോ പരസ്യ ലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്.

6. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 12/12/2023 രാവിലെ 10.30 വരെയാണ്.

7. ക്വട്ടേഷൻ കവറിന് പുറത്ത് **"മുറിച്ചു മാറ്റിയ പാഴ് ശിഖരങ്ങൾ ഫാമിൽ നിന്ന് കൊണ്ടു പോകുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി എഴുതിയിരിക്കണം.

8. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ/ലേലം തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് മരം കൊണ്ടു പോകാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

9. നിശ്ചിത സമയത്തിനകം തുക പൂർണമായി അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം അസാധു ആക്കുന്നതും അടച്ച തുക സർവ്വകലാശാലക്ക് കണ്ടു

കെട്ടുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരവും ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

10. മുഴുവൻ ലേലത്തുകയും ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം, വെള്ളാനിക്കരയിൽ അടച്ചതിനു ശേഷം 14 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്ത ത്തിലും ശിഖരങ്ങൾ ഫാമിൽ നിന്ന് കൊണ്ടുപോകേണ്ടതാണ്.

11. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വേകുന്നേരം 4 വരെ മാത്രമെ ശിഖ രങ്ങൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ.

12. തടികൾ കൊണ്ടു പോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരു വിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല.

13. ഏതെങ്കിലും തരത്തിൽ യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണമായ ഉത്തരവാദിത്തം ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടിയ ആളി ന്റേതായിരിക്കും. ഈ സാഹചര്യത്തിൽ പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടക്കുവാൻ ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടിയ ആൾ ബാധ്യ സ്ഥനായിരിക്കുന്നതുമാണ്.

14. ക്വട്ടേഷൻ/ലേലം സംബന്ധിച്ചിടത്തോളം ഏതൊരു കാര്യത്തിനും അന്തിമ തീരു മാനം കൈക്കൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ & ഹെഡ്, ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

15. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ക്വട്ടേഷൻ/ലേലം ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ക്വട്ടേഷൻ/ലേലം അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തു തന്നെ നടത്തുന്നതാണ്.

16. ലേലം മാറ്റി വെക്കുന്നതിനോ ഉറപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധി കാരം പ്രൊഫസർ & ഹെഡ്, ഫലവർഗ്ഗവിള ഗവേഷണ കേന്ദ്രം, വെള്ളാനിക്കര യിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി സമയങ്ങളിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) നേരിട്ടോ 0487-2373242 എന്ന ഓഫീസ് നമ്പർ മുഖേനയോ ബന്ധപ്പെ ടാവുന്നതാണ്.

06/12/23

പ്രൊഫസർ & ഹെഡ്

പകർപ്പ് : നോട്ടീസ് ബോർഡ്
ലോക്കൽ സർക്കുലേഷൻ
ATIC, Vellanikkara
KVK, Vellanikkara
ARS, Vellanikkara
Co-operative Society, Mannuthy